# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാവശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.10/600/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.10/600/2023 തീയ്യതി: 19/04/2023

## പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-08-2021 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-02-2023 | 20-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-02-2023 | 20-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എസ്. പ്രേമാനന്ദ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
എ. സുജാത, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എം.വി. ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ
കെ. ബേബി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സി. രമേഷ് കുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| പി. എൻ. തങ്കമണി | സെക്രട്ടറി | 01-04-2021 | 18-07-2021 |
| | | 08-08-2021 | 16-09-2021 |
| | | 08-10-2021 | 31-03-2022 |
| എ ഹാരിസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-07-2021 | 07-08-2021 |
| | | 17-09-2021 | 07-10-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എ മനോജ് കുമാർ | അസി. സെക്രട്ടറി | 01-04-2021 | 12-07-2021 |
| എ ഹാരിസ് | അസി. സെക്രട്ടറി | 13-07-2021 | 31-03-2022 |
| അനൂപ് ആനന്ദ് | അസി. എഞ്ചിനീയർ | 01-04-2021 | 11-04-2021 |
| സിന്ധു ആർ | അസി. എഞ്ചിനീയർ | 12-04-2021 | 31-03-2022 |
| ഗായത്രി എം. കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ജയലക്ഷ്മി ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ തമീസ് അഹമ്മദ് വി. എ | മെഡിക്കൽ ഓഫീസർ (FHC ) | 01-04-2021 | 31-03-2022 |
| ഡോ അമെർലിറ്റി ഐസക് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഉമൈബ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ സന്തോഷ് കെ.കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ സുവി മോൾ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഒഴിവ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 17-11-2021 |
| മനു ചന്ദ്രൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 18-11-2021 | 31-03-2022 |
| കൃഷ്ണ എസ് | കൃഷി ഓഫീസർ | 01-04-2021 | 05-10-2021 |
| മാനസ എം കെ | കൃഷി ഓഫീസർ | 06-10-2021 | 31-03-2022 |
| രാധ എം.വി | ഹെഡ് മിസ്ട്രസ് | 01-04-2021 | 27-10-2021 |

| | | | |
|---|---|---|---|
| സഹറാബാനു | ഹെഡ് മിസ്ട്രസ് | 28-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | സർക്കാർ ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കാത്തത് | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം : | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-11 |
| 14 | മൂലധന നിക്ഷേപം, മേഖല വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. | 1-12 |
| 15 | ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-13 |
| 16 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-14 |
| 17 | കുടുംബശ്രീയൂണിറ്റുകൾക്ക് സ്വയം തൊഴിലിന് ധനസഹായം നൽകൽ-പ്രവർത്തിക്കാത്ത ഗ്രൂപ്പിന് അനുവദിച്ച സബ്സിഡി തിരിച്ചടക്കേണ്ടതാണ് | 1-15 |
| 18 | ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ-ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല | 1-16 |
| 19 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ നേരിട്ട് വാങ്ങി | 1-17 |
| 20 | വൃദ്ധർക്ക് കട്ടിൽവിതരണം പ്രൊജക്ടുകൾ നിർവ്വഹിച്ചതിലെ അപാകതകൾ | 1-18 |
| 21 | വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ | 1-18-1 |
| 22 | ടി.ഡി.എസ് നടത്തിയില്ല | 1-18-2 |
| 23 | വാങ്ങിയ കട്ടിലുകൾ മുഴുവനായും വിതരണം ചെയ്തിട്ടില്ല | 1-18-3 |
| 24 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല. | 1-19 |
| 25 | ക്ഷേമപെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു | 1-19-1 |
| 26 | തെരുവു വിളക്കുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത | 1-20 |

| | | |
|---|---|---|
| | പരിശോധിച്ചിട്ടില്ല | |
| 27 | അങ്കണവാടി പോഷകാഹാരവിതരണം- ന്യൂട്രിമിക്സ് ബില്ലിൽ നിന്നും ജി എസ് ടി – ടി.ഡി.എസ് നടത്തിയില്ല | 1-21 |
| 28 | തൊഴിലുറപ്പ് പദ്ധതിയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-22 |
| 29 | പാലിയേറ്റീവ് കെയർ പദ്ധതി - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-23 |
| 30 | വാർഡ് തല ആരോഗ്യശുചിത്വപ്രവർത്തനങ്ങൾ - മുഴുവൻ ചെലവുരേഖകളും ഹാജരാക്കിയില്ല | 1-24 |
| 31 | പാലിയേറ്റീവ് കെയർ പദ്ധതി - മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-25 |
| 32 | കോവിഡ് - 19 പ്രതിരോധപ്രവർത്തനത്തിനാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ - സക്ഷൻ അപ്പാരറ്റസ് , മരുന്നുകൾ എന്നിവ ലഭ്യമായില്ല | 1-26 |
| 33 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി പദ്ധതി - മുഴുവൻ കാലയളവിലും ആനുകൂല്യം അനുവദിച്ചില്ല | 1-27 |
| 34 | കൃഷി ഓഫീസറുടെ സ്പെഷൽ ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ തുക അവശേഷിച്ചത് തിരിച്ചടവാക്കി. | 1-28 |
| 35 | അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകൾ - സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

19/02/2021 തീയതിയിലെ 1-2 നമ്പർ തീരുമാനപ്രകാരം കാവശ്ശേരി ഗ്രാമപഞ്ചായത്ത് 2021-22 വർഷത്തേക്കുള്ള ബഡ്ജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 25/02/2022തീയതിയിലെ 4-1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| 2021-22 | ബഡ്ജറ്റ് പ്രകാരമുള്ള തുകകൾ | പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള തുകകൾ | യഥാർത്ഥ വരവ് ചെലവ് Receipt & Payment പ്രകാരം | Income & Expenditure പ്രകാരമുള്ള വരവും ചെലവും |
|---|---|---|---|---|
| മുന്നിരിപ്പ് | 9627821 | 9627821 | 9415501 | |
| വരവ് | 267364700 | 269522700 | 88699770 | 190449908 |
| ആകെ | 276992521 | 279150521 | 98115271 | 190449908 |
| ചെലവ് | 268578000 | 272075000 | 82218424 | 181833996 |
| നീക്കിയിരിപ്പ് | 8414521 | 7075521 | 15896847 | 8615912 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 21.07.2022 | ബാധകമല്ല | ബാധകമല്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. ഇക്കാര്യം ഓഡിറ്റ് അന്വേഷണം നമ്പർ 26/20-02-2023 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ ലഭ്യമാക്കിയ മറുപടിയുടെ വിവരവും ചേർത്തിട്ടുണ്ട്.

1. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ 2021-22ലെ ചെലവ് വാർഷിക കണക്കിലും MNREGS കാഷ് ബുക്കിലും വ്യത്യാസപ്പെട്ടുകാണുന്നുണ്ട്. അഡ്മിൻ ചെലവിലും റോഡ് അസറ്റ് ചെലവിലും വ്യത്യാസം വന്നതാണിതിന് കാരണം എന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉറവിടത്തിൽ നിന്നും കുറവുചെയ്യുന്ന തുക ഉൾപ്പെട്ടിട്ടില്ല. ചെലവിൽ ഇതുൾപ്പെടുത്തിയിട്ടുണ്ട്. ഉറവിടത്തിൽ കുറവ് ചെയ്ത് GO പ്രൊജക്ടായി ചെലവിൽ ഉൾപ്പെടുത്തിയത് വരവുവെക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഇത് ഉൾപ്പെടുത്താൻ കഴിയുമെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

3. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KSEBക്ക് നൽകിയ തുകയിൽ ₹4,556,619/- വിനിയോഗിച്ചിട്ടില്ല. ഇതിൽ ₹12,42,943/- മുൻ വർഷങ്ങളിൽ നൽകിയ തുകയാണ്. ഇതിന്റെ വിശദ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമാവുന്നില്ല. ₹4,556,619/-ന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് KSEB അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ₹1242943/- ലൈൻ ദീർഘിപ്പിക്കുന്നതിന് 2021 മാർച്ച് 31 ന് KSEBക്ക് നൽകിയതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം :

1. വാർഷിക കണക്കുകൾ ഓഡിറ്റിന് അയക്കുന്നതിന് മുൻപ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുകയും വ്യത്യാസമുള്ളപക്ഷം രജിസ്റ്ററിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

2. IKMഉമായി ബന്ധപ്പെട്ട് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്.

3. ഓരോ വർഷവും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നൽകുമ്പോൾ Ledgerൽ പ്രൊജക്ടിന്റെ വിശദമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. പ്രവൃത്തി പൂർത്തിയാകുന്നമുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ബാക്കിയുള്ള തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9,415,501.00 |
| വരവ് | 88699770 |
| ആകെ | 98,115,271.00 |
| ചെലവ് | 82218424 |
| നീക്കിയിരിപ്പ് | 15,896,847.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15810500 | 15810500 | 14,239,400 | 1571100 |
| വികസനഫണ്ട്-എസ്.സി.പി | 0 | 12460916 | 12460916 | 11,047,000 | 1413916 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 13995401 | 13995401 | 6971708 | 7023693 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 7376175 | 7376175 | 4521028 | 2855147 |
| 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied (Interest ഉൾപ്പെടെ) | 0 | 3409461 | 3409461 | 3409461 | 0 |
| സ്പിൽ ഓവർ പദ്ധതികൾക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied | 0 | 1695368 | 1695368 | 1,635,668 | 59700 |
| 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 0 | 5032000 | 5032000 | 0 | 5032000 |
| സ്പിൽ ഓവർ പദ്ധതികൾക്കായി | 0 | 4289529 | 4289529 | 2,063,932 | 2225597 |

| | | | | | |
|---|---|---|---|---|---|
| ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | | | | | |

മുകളിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന തുകകൾ കൂടാതെ പദ്ധതി നടത്തിപ്പിനായി വികസന ഫണ്ട് ഉറവിടത്തിൽ നിന്നും കുറവുചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഉറവിടത്തിൽ നിന്നും കുറവു ചെയ്തത് | ACR പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് | ACR പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം | 3778600 | 15810500 | 19589100 | 14,239,400 | 18018000 |
| വികസന ഫണ്ട്- എസ്.സി.പി | 792000 | 12460916 | 13252916 | 11,047,000 | 11839000 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| TSC | 96,496 | 0 | 96496 | 0 | 96496 |
| NREGS | 5191 | 36440820 | 36446011 | 36444407 | 1604 |
| ICDS | 930486 | 943820 | 1874306 | 1306861 | 567445 |
| നിർമ്മൽ പുരസ്കാരം | 250,000 | 0 | 250000 | 0 | 250000 |
| സാക്ഷരത | 0 | 52636 | 52636 | 52636 | 0 |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 3561579 | 913157 | 4474736 | 2819767 | 1654969 |
| ലൈഫ് - State Share | 40000 | 0 | 40000 | 40000 | 0 |
| പ്രത്യേക ഗ്രാന്റ് | 177037 | 2208 | 179245 | 0 | 179245 |
| ജലനിധി | 590596 | 375121 | 965717 | 586513 | 379204 |
| മറ്റ് ഗ്രാന്റുകൾ | 48931 | 0 | 48931 | 0 | 48931 |

മറ്റ് ഫണ്ടുകൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കുടിവെള്ള പദ്ധതിക്ക് | 325,103 | 0 | 325103 | 0 | 325103 |

| | | | | | |
|---|---|---|---|---|---|
| പ്രത്യേക ഗ്രാന്റ് | | | | | |

1-4-1 സർക്കാർ ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കാത്തത്

സർക്കാരിൽ നിന്നും പദ്ധതി നടത്തിപ്പിനായി 2021-22 വർഷം ലഭിച്ച ഗ്രാന്റുകളിൽ ₹15149153/- തൻവർഷം ചെലവഴിക്കാനാവാതെ നഷ്ടമായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 15810500 | 15810500 | 14,239,400 | 1571100 |
| വികസനഫണ്ട്- എസ്.സി.പി | 0 | 12460916 | 12460916 | 11,047,000 | 1413916 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 13995401 | 13995401 | 6971708 | 7023693 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 7376175 | 7376175 | 4521028 | 2855147 |
| സ്പിൽ ഓവർ പദ്ധതികൾക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied | 0 | 1695368 | 1695368 | 1,635,668 | 59700 |
| സ്പിൽ ഓവർ പദ്ധതികൾക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 0 | 4289529 | 4289529 | 2,063,932 | 2225597 |
| ആകെ | 0 | 55627889 | 55627889 | 40478736 | 15149153 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 27/20-02-2023 നുള്ള മറുപടിയിൽ 2021-22 വർഷം ലഭിച്ച വികസന ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കാതെ വന്ന ധനകാര്യകമ്മീഷൻ ഫണ്ട് പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക ഈ വർഷം മുഴുവനായും ചെലവഴിക്കുന്നതാണെന്നും പഞ്ചായത്തിന് ലഭിച്ച ഗ്രാന്റുകളൊന്നും തന്നെ ചെലവഴിക്കാതെ ലാപ്സായിട്ടില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണം :

ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ധനകാര്യകമ്മീഷൻ അവാർഡ് തുകകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെയും വാർഷിക കണക്കുകളിലെയും വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വിവരങ്ങൾ ചേർത്തിരിക്കുന്നത്. ഇതിൽ നിന്നും ₹15149153/- ( ഒരുകോടി അമ്പത്തൊന്നായിരത്തി നാൽപ്പത്തൊമ്പതിനായിരത്തി ഒരുന്നൂറ്റിഅമ്പത്തിമൂന്ന് രൂപ ) ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടതായിട്ടാണ് വ്യക്തമാവുന്നത്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടമാക്കാതെ അതത് വർഷം ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ഉറപ്പാക്കുന്നതിൽ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 131191670 | 118 | 60605449 | 0 | 53 | 69.01 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം:

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്കുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്കുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 9075000 | 7802000 | 85.97 |
| വെറ്റിനറി സർജൻ | 7 | 7 | 4209400 | 1421700 | 33.77 |
| മെഡിക്കൽ ഓഫീസർ (PHC) | 6 | 4 | 1362945 | 756765 | 55.52 |
| മെഡിക്കൽ ഓഫീസർ (Homoeo) | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ISM) | 3 | 2 | 1250000 | 1200000 | 96 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 1767000 | 372341 | 21.07 |
| ICDS സൂപ്പർവൈസർ | 8 | 8 | 7839659 | 6693988 | 85.39 |
| ഗ്രാമ | 33 | 23 | 18647140 | 12013827 | 64.43 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് സെക്രട്ടറി | | | | | |
| ഹെഡ്മാസ്റ്റർ (GLPS) | 4 | 3 | 2970000 | 1569254 | 52.84 |
| VEO | 17 | 13 | 49811267 | 13406920 | 26.92 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 80 | 47 | 30794009 | 12885793 | 41.85 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 450000 | 450000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 2815250 | 1832861 | 65.1 |
| ആകെ | 171 | 118 | 131191670 | 60605449 | 46.2 |

അംഗീകാരം ലഭിച്ച 171 പദ്ധതികളിൽ 118 എണ്ണം (69%) ആണ് തൻവർഷം നടപ്പാക്കി തുക ചെലവഴിച്ചത്. വകയിരുത്തിയ തുകയിൽ 46.2% മാത്രമാണ് ചെലവഴിക്കാനായത്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്ടുകൾ അതാത് വർഷം തന്നെ പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| അഡ്മിൻ | 5191 | 543833 | 549024 | 547420 | 1604 |
| EFMS-Unskilled | 0 | 29905313 | 29905313 | 29905313 | 0 |
| EFMS - Material | 0 | 5447771 | 5447771 | 5447771 | 0 |
| EFMS – Skilled / Semi-skilled | 0 | 543903 | 543903 | 543903 | 0 |
| | 5191 | 36440820 | 36446011 | 36444407 | 1604 |

അഡ്മിൻ ചെലവുകൾക്കായി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂർ വാങ്ങിയതിൽ 31.03.2022ന് ₹1,167,579/- തിരിച്ച് നൽകാനുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | വാർഷിക കണക്ക് പ്രകാരം ചെലവ് രേഖപ്പെടുത്തിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 7851000 | 570 |
| 2 | വിധവാ പെൻഷൻ | 21479200 | 1435 |
| 3 | വാർദ്ധക്യകാല പെൻഷൻ | 34280500 | 2719 |
| 4 | വികലാംഗ പെൻഷൻ | 6541000 | 428 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1435400 | 91 |
| 8 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 390000 | 13 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.2.2023 ഉച്ചതിരിഞ്ഞ് 3.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി . പരിശോധനയിൽ 12934 രൂപ (പന്ത്രണ്ടായിരത്തി തൊള്ളായിരത്തി മുപ്പത്തിനാല് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം :

വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തിലെ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടമാക്കാതെ അതത് വർഷം ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ഉറപ്പാക്കുന്നതിൽ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

നികുതികളും ഫീസുകളും കണക്കാക്കുന്നതിലും പിരിച്ചെടുക്കുന്നതിലും കാര്യക്ഷമത കൂട്ടി തനത് വരുമാനം ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന സംഗതികളിൽ ഏറ്റവും അർഹരായ ഗുണഭോക്താക്കൾക്ക് പരമാവധി സബ്സിഡി ഉറപ്പാക്കുന്നവിധത്തിൽ പദ്ധതി ആസൂത്രണം ചെയ്യണം.

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗം ഉറപ്പുവരുത്തണം. കുടുംബശ്രീപദ്ധതി നടത്തിപ്പിനായി കൈമാറിയ തുക വിനിയോഗിക്കാത്ത പക്ഷം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് വ്യക്തിഗത കണക്ഷൻ നൽകി നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം സമയാസമയം പിരിച്ചെടുക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകളും സർക്കാർ അപ്പപ്പോൾ പുറപ്പെടുവിക്കുന്ന മാർഗ നിർദ്ദേശങ്ങളും പാലിക്കേണ്ടതും ആണ്. വ്യക്തിഗത ആനുകൂല്യങ്ങളുടെ വിതരണം കുറ്റമറ്റതാക്കി പദ്ധതിപ്പണം ചെലവഴിക്കുന്നത് കാര്യക്ഷമമാക്കണം. മുൻകൂർ നൽകുന്ന സംഗതികളിൽ കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ സാധനസാമഗ്രികൾ ലഭ്യമാവുന്നുണ്ടെന്നുറപ്പാക്കണം.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം.

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഏറ്റവും ഒടുവിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2004-05മുതൽ 2008-09 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല. പെർഫോമൻസ് ഓഡിറ്റ് ഡിസംബർ 2022വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. 20 പരാമർശങ്ങളാണ് തീർപ്പാക്കുവാൻ അവശേഷിക്കുന്നത്.

## 1-11 ജീവനക്കരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2021-22 ൽ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204 പ്രകാരം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വർഷത്തിൽ ലൈസൻസ് എടുത്ത 273 സ്ഥാപനങ്ങളിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ലൈസൻസ് നം21-22ലെ രജിസ്റ്റർപ്രകാരം | സ്ഥാപനം/ മേൽവിലാസം | കെട്ടിട നം. | ജോലിക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 243/21-22 /A3/1254/21 | സെക്രട്ടറി ഇരട്ടക്കുളം ക്ഷീരോൽപാദാന സംഘം | 1/118 | 2 |
| 2 | 217/21-22 /A3/1340/21 | സെക്രട്ടറി പാട്ടൂർ ക്ഷീരോൽപാദാന സംഘം | ലഭ്യമല്ല. | 2 |

ഇതു സംബന്ധിച്ച എൻക്വയറി നം.8/ 16.2.2023 ന് സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിരിക്കുന്നു.തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 മൂലധന നിക്ഷേപം, മേഖല വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഒരു പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള) ചട്ടങ്ങൾ, ചട്ടം 7, പട്ടിക രണ്ട് എന്നിവ പ്രകാരം ലൈസൻസ് ഫീ ഈടാക്കേണ്ടത് മൂലധന നിക്ഷേപം, മേഖല എന്നിവയെ അടിസ്ഥാനമാക്കിയാണ്. 30.10.2017 തീയതിയിലെ ജി.ഓ.(പി) 80/2017ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലൈസൻസ് ഫീയുടെ നിരക്കുകൾ നിർണ്ണയിച്ചിട്ടുണ്ട് .

ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് അപേക്ഷ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)അപേക്ഷയിൽ മൂലധന നിക്ഷേപം, മേഖല വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ലൈസൻസ് നം. | സ്ഥാപനം/ ഉടമ |
|---|---|---|
| 1 | 200/21-22 /A4/3312/2021 | ക്രാഫ്റ്റ് എൻഞ്ചിനീയറിങ് വർക്ക്സ് / ശ്രീജിത്ത് .സി |
| 2 | 200/21-22 /A3/790/21 | അനില മനോജ്, സി.എം ഉൽപ്പന്നങ്ങളുടെ സംഭരണവും ,വിതരണം |
| 3 | 203/21-22 /A4/208 /21dt.20.09.2021 | പലചരക്ക് കട (മറ്റ് വിവരങ്ങ്ൾ ലഭ്യമല്ല) |
| 4 | 250/21-22 /A43/1303/21 Dt.23.02.22 | ഇലക്ട്രിക്കൽസ് ,ആന്റ് പ്ലംബിംഗ് വർക്കസ്/ഉഷദേവി |
| 5 | 251/21-22 /A3/518/22 | ബിൽഡിംഗ് മെറ്റീരിയൽസ് വിൽപ്പന/സന്ധ്യമോൾ, കാവശ്ശേരി |
| 6 | 214/A4 /21-22/3530 Dt.5.08.2021 | ചിന്നസ് ഹാർഡ് വെയർ/നസീബ് |
| 7 | 227/21-22 /3778/21 | A.S.R ഫർണ്ണീച്ചർ/കാസിം.വി |
| 8 | 236/21-22 /A3/4054/21 Dt.18.1.22 | ഭഗവതി വെൽഡിംഗ് വർക്ക്സ് /വിനോദ് രാധകൃഷ്ണൻ. |
| 9 | 243/21-22 /A3/4054 /21dt.12.02.2022 | ചിലങ്കസ്റ്റോർ/ രാമദാസൻ വി |
| 10 | 97/21-22 | സ്റ്റോക്ക് ആന്റ് സെയി.സ് /കഴനി സർവ്വീസ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 11 | 98/21-22 | രാസവളം സ്റ്റോക്ക്സ് |

| | | |
|---|---|---|
| | | /കഴനി സർവ്വീസ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 12 | 99/21-22 | സിമന്റ് സ്റ്റോക്ക് ആന്റ് സെയി.സ് /കഴനി സർവ്വീസ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്. |

2)മൂലധന നിക്ഷേപത്തിനനുസരിച്ചല്ല ഫീസ് ഈടാക്കിയത്

| ക്രമ നം | ലൈസൻസ് നം | സ്ഥാപനം/ ഉടമ | മൂലധനം | ഈടാക്കിയ ഫീസ് | രസീത് നം.തീ |
|---|---|---|---|---|---|
| 1 | 208/21-22 /A4/4106/21 Dt.22.11.2021 | ശ്രിയ,കിഡ്സ് ആന്റ് ലേഡീസ് ടൈലറിങ്ങ് / സിന്ധു.ജി | രേഖപ്പെടുത്തിയിട്ടില്ല. | 300 | 1210100818 Dt.16.11.21 |
| 2 | 213/21-22 /A3/1451 /21.dt.13.12.2021 | A.N.S ബേക്കറി,/അലി,മുഹമ്മദ് | രേഖപ്പെടുത്തിയിട്ടില്ല. | 200 | 1615294 Dt.20.10.21 |
| 3 | 214/A4 /21-22/3530 Dt.5.08.2021 | ചിന്നുസ് ഹാർഡ് വെയർ | രേഖപ്പെടുത്തിയിട്ടില്ല. | 300 | 1210103638 Dt.8.12.21 |
| 4 | 132/21-22 | കൊപ്ര മിൽ നടത്തുന്നതിന് | രേഖപ്പെടുത്തിയിട്ടില്ല. | 300 | 120050106709 Dt.9.03.21 |
| 5 | 133/21-22 | കുലി അരവ് മിൽ/ഹാജുമ്മ | രേഖപ്പെടുത്തിയിട്ടില്ല. | 100 | 120050106710 Dt.9.03.21 |
| 6 | 134/21-22 | കുലി അരവ് മിൽ/കെ.ബി പ്രസാദ്,കാക്കാംപാറ | രേഖപ്പെടുത്തിയിട്ടില്ല. | 100 | 1200050106715 Dt.9.03.21 |
| 7 | 135/21-22 | കുലിഅരവ് മിൽ/മുരളി,ചുണ്ടാക്കാട് | രേഖപ്പെടുത്തിയിട്ടില്ല. | 100 | 1200501106716 Dt.09.03.2021 |
| 8 | 97/21-22 | സ്റ്റോർ/കഴനി സർവ്വീസ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | രേഖപ്പെടുത്തിയിട്ടില്ല. | 300 | 1210100220 Dt12.09.21 |
| 9 | 98/21-22 | രാസവളം കച്ചവടം/കഴനി സർവ്വീസ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | രേഖപ്പെടുത്തിയിട്ടില്ല. | 300 | 1210100229 Dt.12.09.21 |
| 10 | 99/21-22 | സിമന്റ് സ്റ്റോക്ക് ആന്റ് സെയി.സ് /കഴനി സർവ്വീസ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | രേഖപ്പെടുത്തിയിട്ടില്ല. | 300 | 1210100231 Dt.12.09.21 |

ഇതു സംബന്ധിച്ച എൻക്വയറി നം 8/ 16.2.2023 ന് മേൽ സൂചിപ്പിച്ചിട്ടുള്ള അപേക്ഷകളിലെ ന്യൂനതകൾ

പരിഹരിച്ചതായി സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവയെല്ലാം ഉദാഹരണങ്ങൾ മാത്രമാണ്. ഇതുപോലെ തന്നെ നിരവധി സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷയിലെ ടി വിവരങ്ങൾ പൂരിപ്പിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്തിൽ ഫീസ് നിർണ്ണയം നടത്തിയതിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

1-13 ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2021-22 വർഷത്തെ ലൈഫ് ഭവന നിർമ്മാണ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ എഗ്രിമെന്റ് ചമച്ച് ആദ്യഗഡുക്കൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ ഇതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല . പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു. ജനറൽ, എസ്. സി എന്നീ വിഭാഗങ്ങളിലായി ആകെ 5 പേർ ഭവനം പൂർത്തിയാക്കാനുണ്ട്.

എ)ഭവന നിർമാണം പൂർത്തിയാക്കാത്തവർ-(ജനറൽ)

1.പ്രൊജക്ട് നം.37/22

അടങ്കൽ-6400000

ചെലവ്-964149

2.പ്രൊജക്ട് നം.150/22

അടങ്കൽ-7075851

ചെലവ്-55851

യൂണിറ്റ് കോസ്റ്റ് -400000/-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യഗഡു കൈപ്പറ്റിയ തീയതി | നാളിതുവരെ അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | ഷാഹിദ നൂർമുഹമ്മദ്, എടപ്പറമ്പിൽ | 25.1.22 | 200000 | 200000 |

ബി)എസ് സി വിഭാഗം- ഭവനം നിർമാണം പൂർത്തിയാക്കാത്തവർ

പ്രൊജക്ട് നം.20/22

അടങ്കൽ-7665000

ചെലവ്-3130000

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | എഗ്രിമെന്റ് നം. | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | രഞ്ജു സുധീഷ്കുമാർ | 13.7.21 | 200000 | 200000 |
| 2 | ഗീത നാരായണൻ,ചമ്പാതോട് കാവശ്ശേരി | 18.1.21 | 200000 | 200000 |
| 3 | വേശു വേലായുധൻ,തെക്കേകളം, തെന്നിലാപുരം | 16.7.21 | 200000 | 200000 |
| 4 | ലത അജീഷ്, വാഴയ്ക്കച്ചിറ, ചുണ്ടക്കാട് | 20.2.21 | 360000 | 40000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനപൂർത്തീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/17.2.23) നിർമ്മാണ പ്രവർത്തി നിർത്തിവെച്ച ഒരു ഗുണഭോക്താവിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ളവർ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും അറിയിച്ചിട്ടുണ്ട്.

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥനും മോണിട്ടറിംഗ് സമിതിയും പരിശോധന നടത്തിയതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

1-14 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

കെ എസ് ഇ ബി മുഖേന നടപ്പിലാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തിക്കായി താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 86/22 | വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ ലൈൻ വലിക്കലും ലൈൻ എക്സ്റ്റൻഷനും | XVFC/2021 /-P/2/10.3.22( ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 3313676/- | അസി. എഞ്ചിനീയർ, കെ.എസ്.ഇ ബി, പാടൂർ |

മേൽപ്പറഞ്ഞ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നം.3/14.2.23പ്രകാരം എൻക്വയറി നൽകിയെങ്കിലും പൂർത്തീകരണസാക്ഷ്യപത്രം

ലഭ്യമാക്കുകയുണ്ടായില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

## 1-15 കുടുംബശ്രീയൂണിറ്റുകൾക്ക് സ്വയം തൊഴിലിന് ധനസഹായം നൽകൽ- പ്രവർത്തിക്കാത്ത ഗ്രൂപ്പിന് അനുവദിച്ച സബ്സിഡി തിരിച്ചടക്കേണ്ടതാണ്

പ്രൊജക്ട് നം.SO 106/12-വനിതാ ടെയ്‌ലറിംഗ് യൂണിറ്റ്

അടങ്കൽ- 500000(വികസനഫണ്ട്- എസ് സി പി)

നിർവ്വഹണം-അസി.സെക്രട്ടറി

ചെറുകിടവ്യവസായം എന്ന മേഖലയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്. 5 എസ് സി വനിതകൾ ഉൾപ്പെടുന്ന കുടുംബശ്രീ യൂണിറ്റിന് വനിതാ ടൈലറിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിനാണ് പ്രൊജക്ട് പ്രകാരം ലക്ഷ്യമിട്ടിരിക്കുന്നത്. താഴെപ്പറയുന്ന 3 യൂണിറ്റുകളെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്.

1)പുലരി ടെയ്‌ലറിംഗ് യൂണിറ്റ്

2)സ്നേഹദീപം ടെയ്‌ലറിംഗ് യൂണിറ്റ്

3)സായൂജ്യം ടെയ്‌ലറിംഗ് യൂണിറ്റ്

മേൽപ്പറഞ്ഞ 3 യൂണിറ്റുകൾക്ക് ബാങ്ക് ലോൺ അനുവദിക്കുന്നതിനായി സബ്സിഡി തുക ബാങ്കിലേക്ക് ക്രെഡിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കനറാ ബാങ്ക് മാനേജരുടെ കത്ത് (MSME1/2021,29.3.21) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബാങ്കിൽ നിന്നും എത്ര രൂപയാണ് ലോൺ അനുവദിക്കുന്നതെന്ന് കത്തിൽ വ്യക്തമാക്കിയിട്ടില്ല. ബാങ്കിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിൽ ബിൽ നം.3/30.6.21പ്രകാരം 375000/- രൂപ പിൻവലിച്ച് ബാങ്കിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.209272434) നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സ്വയംതൊഴിൽ യൂണിറ്റുകളുടെ ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ്, കാഷ് ബുക്ക്, മിനുട്സ് ബുക്ക് എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ (നം.11/16.2.2023) അടിസ്ഥാനത്തിൽ രണ്ട് കുടുംബശ്രീയൂണിറ്റുകളുടെ ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി. പുലരി യൂണിറ്റ് 170600/- രൂപ ലോൺ ലഭ്യമാക്കിയതിൽ 29414/- തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട്. സായൂജ്യം യൂണിറ്റ് 173500/- രൂപ ലോൺ ലഭ്യമാക്കിയിട്ടുള്ളത് മുഴുവനായും തിരിച്ചടവ് നടത്തിയിട്ടുണ്ട്.

സ്നേഹദീപം എന്ന യൂണിറ്റ് ലോൺ ലഭ്യമാക്കുകയോ ടൈലറിംഗ് യൂണിറ്റ് നാളിതുവരെ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. നൽകിയ സബ്സിഡി തുക ₹125000/- രൂപ FD യാക്കി സൂക്ഷിച്ചിരിക്കുകയാണെന്നും തുക സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മറ്റ് അപാകതകൾ

- കുടുംബശ്രീയൂണിറ്റുകളിൽ നിന്ന് 200 രൂപയുടെ മുദ്രപ്പത്രം വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ യാതൊരു വ്യവസ്ഥകളും എഴുതിയിട്ടില്ല.
- പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പ് (സ്ത്രീകളുടെയും കുട്ടികളുടെയും വികസനം) മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണെന്നും, മോണിറ്ററിംഗ് കമ്മിറ്റികളുടെ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്ക് തുക കൈമാറിയല്ലാതെ മറ്റു തുടർ പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ഇല്ല.

ഓഡിറ്റ് നിർദ്ദേശം

പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ഗ്രൂപ്പിന് വേണ്ടി അനുവദിച്ച തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. കുടുംബശ്രീ യൂണിറ്റിൽ നിന്നും തുക തിരികെ ഈടാക്കി അടവാക്കുന്നത് വരെ ₹125000/- തടസ്സത്തിൽ വെയ്ക്കുന്നു. ടെയ്‌ലറിംഗ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കായി സബ്സിഡി അനുവദിച്ച ഗ്രൂപ്പുകളുടെ പ്രവർത്തനം മോണിട്ടറിംഗ് സമിതി വിലയിരുത്തേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ-ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന 7കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നുണ്ട്. പേര് വിവരം താഴെ ചേർക്കുന്നു

| ക്രമ നം. | പേര് |
|---|---|
| 1 | വലിയപറമ്പ് |
| 2 | കോങ്ങാട്ടുമുറി |
| 3 | രക്കൻകുളം |
| 4 | കല്ലേപ്പുള്ളിമന |
| 5 | കൃഷിഭവൻ കോമ്പൗണ്ട് |
| 6 | ജി എം എൽ പി |
| 7 | നൊച്ചിപറമ്പ് |

ഓരോ കുടിവെള്ള പദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ വിവരം സംബന്ധിച്ച് കൃത്യമായ കണക്കുകൾ എഴുതി സൂക്ഷിക്കുന്നില്ല. ആകെ 1583 ഗുണഭോക്താക്കളുള്ളതിൽ 19 എണ്ണം ഗാർഹികേതര കണക്ഷനാണ്. ഗാർഹിക വെള്ളക്കരം പ്രതിമാസം 70 രൂപയും ഗാർഹികേതര കണക്ഷന് 210 രൂപയുമാണ് പ്രതിമാസം ഈടാക്കുന്നത്.

കുടിവെള്ളപദ്ധതികളുടെ കറണ്ട് ചാർജ്, പമ്പ് ഓപ്പറേറ്റർ വേതനം, മെയിന്റനൻസ് ചെലവ് എന്നീയിനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നുണ്ട്. രണ്ട് പമ്പ് ഓപ്പറേറ്റർമാർക്ക് വേതനം നൽകി വരുന്നുണ്ട്.

ഓഡിറ്റ് വർഷങ്ങളിൽ പദ്ധതിയുടെ നടത്തിപ്പിനായി തനത് ഫണ്ടിൽനിന്നും ചെലവ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | 2021-22 വർഷത്തിൽ ചെലവഴിച്ച തുക |
|---|---|
| വൈദ്യുതി ചാർജ്ജസ് | 1436258 |
| ആസ്തി പരിപാലന ചെലവ് | 352739 |
| പമ്പ് ഓപ്പറേറ്റർമാരുടേയും, പ്ലംബറുടേയും വേതനം | 602250 |
| ആകെ | 2391247 |

ഈ പദ്ധതിയിൽ നിന്നും ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുത്ത കുടിവെള്ളചാർജ്ജിന്റെ വിവരം

| വർഷം | തുക |
|---|---|
| തൻവർഷവരവ് | 367203 |
| കുടിശ്ശിക | 160310 |
| | 527513 |

വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ 31.03.2021 വരെ 3154718/- രൂപ ഗുണഭോക്താക്കളിൽ നിന്നും കുടിശ്ശികയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായി നടപടി സ്വീകരിച്ചിട്ടില്ല. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിൽ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിനാൽ ഇതിന്റെ നടത്തിപ്പ് ചുമതല ഭാവിയിൽ ബാധ്യതയായി മാറുന്നതാണ്.

സർക്കാർ ഉത്തരവ് (സാധാ) 1275/2009 / ത.സ്വ.ഭ.വ തീയ്യതി 30.05. 2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/16.2.2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2)കുടിവെള്ള പദ്ധതിക്കുകീഴിലുള്ള ഗുണഭോക്താക്കളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ശരിയായ ഡിമാന്റ് കണ്ടെത്തേണ്ടതുമാണ്

3)വെള്ളക്കരത്തിലുള്ള കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുവാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്. കുടിശ്ശിക വരുത്തിയ ഓരോ ഗുണഭോക്താവിന്റെയും വിവരങ്ങൾ രേഖപ്പെടുത്തി അരിയർ ഡിമാന്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. യഥാർത്ഥ കുടിശ്ശിക വാർഷികകണക്കിൽ പ്രതിഫലിക്കേണ്ടതാണ്

4)വെള്ളക്കരത്തിലൂടെ ഈടാക്കുന്ന തുകകളേക്കാൾ ചെലവ് വളരെ ഉയർന്ന് നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ചെലവ് കുറവ് ചെയ്യുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാവേണ്ടതാണ്. വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വെള്ളക്കരത്തിന്റെ നിരക്കുകൾ പരിഷ്കരിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കി കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിന്റെ സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-17 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ നേരിട്ട് വാങ്ങി

പ്രോജക്ട് - 175/22, വിദ്യാർത്ഥികൾക്ക് പഠനോപകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

അടങ്കൽ - 968000 (വികസന ഫണ്ട് SCP)

ചെലവ് - 769254 രൂപ

ബിൽ നം. 3/17.2.22-478000/-

ബിൽ നം.4/31.3.22-291254/-

താഴെ പറയുന്ന സ്പെസിഫിക്കേഷനിലുള്ള 194 മേശയും കസേരയും ആർട്ട്കോ എന്ന ഏജൻസിയിൽ നിന്നും നേരിട്ട് വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ടാക്സ് ഇൻവോയ്സ് നം. 594/26.3.22-488040/-(പാസാക്കിയ തുക-291254/-)
ടാക്സ് ഇൻവോയ്സ് നം.262/2.2.22-478080/-(പാസാക്കിയ തുക-478000/-)

HW Table3"x2" With 1 Draw- 194 എണ്ണം

Steel Chair Cushioned- 194 എണ്ണം

1)സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് നിശ്ചിത സ്പെസിഫിക്കഷേൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല. അഞ്ചു ലക്ഷത്തിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന വാങ്ങലുകൾ നടത്തുമ്പോൾ ഇ-ടെണ്ടർ നടത്തേണ്ടതാണ് എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

2)കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ14.9.2018ലെ സർക്കുലർ നം.65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടുള്ള ബില്ലുകളിൽ നിന്നും ടി.ഡി.എസ്. ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

ഫർണീച്ചറുകൾ നേരിട്ട് ആർട്ട്കോയിൽ നിന്നും വാങ്ങുവാനുണ്ടായ സാഹചര്യം, ടി.ഡി.എസ് ചെയ്യാതിരുന്നതിന്റെ കാരണം എന്നിവ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/20.2.23) ജെം പോർട്ടലിൽ പരിശോധിച്ചിരുന്നുവെന്നും സർക്കാർ നിശ്ചയിച്ച സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചറുകൾ ഉണ്ടായിരുന്നില്ല എന്നും സർക്കാർ അംഗീകൃത ഏജൻസി ആയതിനാലാണ് നേരിട്ട് വാങ്ങിയതെന്നുമുള്ള മറുപടി ലഭ്യമാക്കി. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.
ആർട്കോ ജി എസ് ടി ഫയൽ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയെങ്കിലും ഈ ഇൻവോയിസുകൾ ആയതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ കഴിയുകയില്ല.

ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 വൃദ്ധർക്ക് കട്ടിൽവിതരണം പ്രൊജക്ടുകൾ നിർവ്വഹിച്ചതിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ-ഐ സി ഡി എസ് സൂപ്പർവൈസർ

60 വയസ്സ് പൂർത്തിയായ വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ബിൽ നം. | ഇൻവോയിസ് നം. | കട്ടിലുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | 143/22 വയോജനങ്ങൾക്കുള്ള കട്ടിൽ (സ്റ്റീൽ ഓവർ) | 495900( വികസനഫണ്ട് ജനറൽ) | 426104 | 7/26.10.21 | 442/24.3.21 | 98 |
| 2 | 79/22 വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | 591600( വികസനഫണ്ട് ജനറൽ) | 591464 | 15/28.1.22 | 222/21.1.22 | 136 |
| 3 | 80/22 വയോജനങ്ങൾക്ക് കട്ടിൽ (എസ് സി പി) | 278336( വികസനഫണ്ട് എസ് സി പി) | 278336 | 16/28.1.22 | 216/18.1.22 | 64 |

ആർട്കോ എന്ന ഏജൻസിയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ടാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. പ്രസ്തുത പദ്ധതികൾ നിർവ്വഹിച്ചതിലെ അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

1-18-1 വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ

1)സ.ഉ(സാധാ)നം.1/2021/എസ്.പി.ഡി തിയതി.05/01/2021 ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ, പ്രസ്തുത സാധനങ്ങൾ ആർട്ട്കോയിൽ നിർമ്മിക്കുന്നതാണെന്നും പുറമേ നിന്ന് വാങ്ങിയിട്ടില്ലാത്തതുമാണ് എന്ന് മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആർട്ട്കോവിന് നേരിട്ട് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള സ.ഉ(സാധാ)നം.04/2018/എസ്.പി.ഡി, തിയതി.02.02.2018 പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത കട്ടിലുകളാണ് ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളത്.

2) 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM പോർട്ടലിൽ ഉണ്ടോ എന്ന് പരിശോധിച്ച് GeM പോർട്ടലിൽ ഇല്ലാത്ത സാധനങ്ങൾ മറ്റ് രീതിയിൽ വാങ്ങാവുന്നതാണ്. എന്നാൽ അപ്രകാരം പരിശോധന നടത്തി GeM പോർട്ടലിൽ ഇല്ലെന്ന് ഉറപ്പുവരുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/20.2.23) അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും ആയതിനാലാണ് നേരിട്ട് വാങ്ങൽ നടത്തിയതെന്നും ഇനിയുള്ള പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18-2 ടി.ഡി.എസ് നടത്തിയില്ല

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ14.9.2018ലെ സർക്കുലർ നം.65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടുള്ള ബില്ലുകളിൽ നിന്നും ടി.ഡി.എസ്. ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/20.2.23) ഇനിയുള്ള പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ടി.ഡി.എസ് നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-18-3 വാങ്ങിയ കട്ടിലുകൾ മുഴുവനായും വിതരണം ചെയ്തിട്ടില്ല

മേൽപട്ടികയിലെ ക്രമ നം. 3 പ്രകാരമുള്ള പ്രൊജക്റ്റ് ( നം.80/22 വയോജനങ്ങൾക്ക് കട്ടിൽ -എസ് സി പി) പ്രകാരം 64 കട്ടിലുകൾ വാങ്ങിയിട്ടുണ്ടെങ്കിലും 62 കട്ടിലുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കിയുള്ള 2 കട്ടിലുകൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുന്നതിനും മറ്റ് അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/20.2.23) 2 ഗുണഭോക്താക്കൾ മരണമടഞ്ഞതിനാലാണ് 2കട്ടിലുകൾ വിതരണം ചെയ്യാൻ കഴിയാതിരുന്നതെന്നും ഇവ 'വള്ളിക്കാട്'' അങ്കണവാടിയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

വിതരണം ചെയ്യാത്ത കട്ടിലുകൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ നവംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസിലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2021ലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധനാവിധേയമാക്കി. ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ വിവിധ കാരണങ്ങളാൽ പെൻഷൻ സ്വീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ച് സമയബന്ധിതമായി ഡാറ്റാ ബേസിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

സേവന സോഫ്റ്റ്‌വെയറിൽ നിന്നും നവംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ആണ് അവസാനം ജനറേറ്റ് ചെയ്തിട്ടുള്ളത്. ഇതിൽ താഴെ പറയും വിധം 149 പെൻഷൻ ഗുണഭോക്താക്കളാണ് വിവിധ കാരണങ്ങളാൽ പെൻഷൻ തടഞ്ഞുവെക്കപ്പെട്ടതായിട്ടുള്ളത്.

| പെൻഷൻ തടഞ്ഞു വെക്കാനുള്ള കാരണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| മസ്റ്ററിംഗ് നടത്തിയിട്ടില്ല / ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല | 94 |
| പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല | 3 |
| Bank Account Closed Or Transfered/invalid Account | 21 |
| Deceased | 29 |
| സർക്കാർ ഉത്തരവ് പ്രകാരം 06.02.2017 ന ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല. | 1 |
| Door Closed | 1 |
| ആകെ | 149 |

മേൽ ലിസ്റ്റിൽ നിന്നും ഏതാനും ഗുണഭോക്താക്കളുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ സേവനയിൽ നിന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ. മസ്റ്ററിംഗ് നടത്തിയിട്ടില്ല /ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ ആഗസ്റ്റ്

2019 മുതൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു.

മസ്റ്ററിംഗ് നടത്തിയിട്ടില്ല /ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള ഏതാനും ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള കാലഘട്ടം |
|---|---|---|
| നബീസ | 108790600118 | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| തങ്കമ്മാൾ | 108790600144 | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| പാറു | 108790601021 | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| പുഷ്പലത | 108790601370 | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |

ഡിസ്ക്രിപൻസി ലിസ്റ്റിൽ ഈ കാറ്റഗറിയിലുള്ളവർ മരണപ്പെടുകയോ മറ്റേതെങ്കിലും തരത്തിൽ അർഹത നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ടോ എന്ന വിവരം പരിശോധനാ വിധേയമാക്കിയതിന്റെ വിവരങ്ങൾ നൽകേണ്ടതാണ്.

ബി. Account Closed Or Transferred എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു.

ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ കൈപ്പറ്റുന്ന ഏതാനും ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി

ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും ഇവരുടെ ബാങ്ക് അക്കൗണ്ടുകൾ നിലവിൽ ക്ലോസ് ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ഏതാനും പേരുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് തുക തടഞ്ഞു വച്ച മാസങ്ങൾ |
|---|---|---|---|
| 1 | അയ്യപ്പൻ ആർ | 108790202562 | ഒക്ടോബർ 2022 മുതൽ നവംബർ 2022 വരെ തടഞ്ഞ് വെച്ചിരിക്കുന്നു ആക്ടീവ് സ്റ്റാറ്റസ് |
| 2 | കുഞ്ചു | 108790202582 | ജൂലൈ 2019 മുതൽ നവംബർ 2022 വരെ തടഞ്ഞ് വെച്ചിരിക്കുന്നു (NO Such Account) |
| 3 | വേലായുധൻ | 108790202304 | ഒക്ടോബർ 2022 മുതൽ നവംബർ 2022 വരെ തടഞ്ഞ് വെച്ചിരിക്കുന്നു ആക്ടീവ് സ്റ്റാറ്റസ് |

എല്ലാ ഗുണഭോക്താക്കളുടെയും തത്സ്ഥിതി പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

സി. പുനർവിവാഹിത അല്ല എന്നുള്ള സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് തുക തടഞ്ഞു വച്ച മാസങ്ങൾ |
|---|---|---|---|
| 1 | പ്രസന്ന എം | 108790601340 | മെയ് 2022 മുതൽ നവംബർ 2022 വരെ |
| 2 | സൈനബ.എസ് | 108790601203 | മെയ് 2022 മുതൽ നവംബർ 2022 വരെ |

ഡി. ഡാറ്റാ ബേസിലെ Deceased സ്റ്റാറ്റസ്.

Deceased എന്ന സ്റ്റാറ്റസിൽ 19 ഗുണഭോക്താക്കൾ ഉള്ളതിൽ എല്ലാവരെയും ഒക്ടോബർ 2022 മുതൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/16.2.2023) ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് അടിയന്തിരമായി പരിശോധിച്ച് പരിഹാരനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-19-1 ക്ഷേമപെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

എ) ഈ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണം ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് തുടരുന്നു. 2021,2022 വർഷങ്ങളിലെ രണ്ട് വോള്യം മരണരജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നതായി ശ്രദ്ധയിൽ പെട്ട ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | രജിസ്ട്രേഷൻ നം. | മരണപ്പെട്ടതിനു ശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹമായി കൈമാറിയ തുക |
|---|---|---|---|---|---|---|---|
| 1. | മാങ്ങോടി | 108790100441 | ALP | 28.5.21 | 85/7.7.21 | ജൂൺ 21 മുതൽ നവംബർ 2022 വരെ | 28800 (18*1600) |
| 2. | പഴനിമല | 108790200227 | OAP | 27.10.21 | 168/21, 23.11.21 | നവംബർ 2021 മുതൽ നവംബർ 2022 വരെ | 20800 13* 1600 |
| 3 | കണ്ണൻ.കെ. ആർ | 108790201821 | OAP | 2.11.21 | 180/21, 7.12.21 | ഡിസംബർ 2021 മുതൽ നവംബർ 2022 വരെ | 19200 (12*1600 |

എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരം സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

ബി) മറ്റ് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ മരണം ഈ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുമ്പോൾ വിവരം കൈമാറുന്നില്ല

സർക്കുലർ നം.63/2021/ധനം, തീയതി-2.8.21 ലെ ഖണ്ഡിക2(1) പ്രകാരം പ്രാദേശികസർക്കാരിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണം പ്രാദേശികസർക്കാർ സെക്രട്ടറി രജിസ്റ്റ്രേഷൻ നടത്തിയതിന്റെ അടുത്തമാസം 10ാം തീയതിക്കുമുമ്പായി അതത് പ്രാദേശികസർക്കാരെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ആയത് പരിശോധിച്ച് മരണമടഞ്ഞ വ്യക്തിയുടെ പെൻഷൻ ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്

മറ്റ് പഞ്ചായത്തിലെ ഗുണഭോക്താവിന്റെ മരണം ഈ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത ഗ്രാമപഞ്ചായത്തിലേക്ക് അറിയിക്കാത്തതിനാൽ സംസ്ഥാന സർക്കാരിന് നഷ്ടം ഉണ്ടാവുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | രജിസ്ട്രേഷൻ നം. | മരണപ്പെട്ടതിനു ശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹമായി കൈമാറിയ തുക |
|---|---|---|---|---|---|---|---|
| 1. | വിജയൻ, പടലിക്കാട് മരുതറോഡ് ഗ്രാമപഞ്ചായത്ത് | 108880201382 | OAP | 29.7.21 | 113/2021,29.7.21 | ഓഗസ്റ്റ് 21 മുതൽ നവംബർ 2022 വരെ | (16*1600) |

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/16.2.23) ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക തിരികെ ഈടാക്കുന്നതിന് ബാങ്കിന്

കത്ത് നൽകിയിട്ടുണ്ടെന്നും മരുതറോഡ് ഗ്രാമപഞ്ചായത്തിലേക്ക് മെയിൽ അയച്ചിട്ടുണ്ടെന്നും അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്കുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല

പ്രോജക്ട് - 23/22 തെരുവ് വിളക്ക് സാധനങ്ങൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 400000/- ( തനത് ഫണ്ട്)

ചെലവ് - 396292/- ( Vr. No. 22100386/19-02-22)

മേൽ പ്രൊജക്ട് പ്രകാരം തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 26-05-21 ലെ നം.എ2-151/1/2021 പ്രകാരം സാധാരണടെണ്ടർ ക്ഷണിക്കുകയും 2 വ്യക്തികൾ ടെണ്ടറിൽ പങ്കെടുത്തതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. വെങ്കിട്ടരമണൻ, ലക്ഷ്മി ഇലക്ട്രിക്കൽസ് ,ആലത്തൂർ എന്നയാളുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 16 ഇൻവോയിസുകളിലായി തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ വകയിൽ 396292/- രൂപ ചെലവായിട്ടുണ്ട്. തെരുവ് വിളക്ക് റിപ്പയറിംഗിനും ഇതേ വ്യക്തിക്ക് തന്നെയാണ് കരാർ നൽകിയിട്ടുള്ളത്.

ജി.ഒ(പി)നം.7/19/SPD തി.26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) പോർട്ടലിൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങണമെന്നത് (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നിർബന്ധമാക്കുകയും സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഭേദഗതിവരുത്തുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാതിരുന്നാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

തെരുവ് വിളക്കുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കാതെ ടെണ്ടർ നടപടികളിലൂടെ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/14.2.23) ജെ പോർട്ടലിൽ അനുയോജ്യമായ സാധനസാമഗ്രികളിൽ മിക്കതും ലഭ്യമായിരുന്നില്ല എന്നും കൂടിയ അളവിൽ മാത്രമേ വാങ്ങാൻ കഴിയുകയുള്ളൂ എന്നും മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 അങ്കണവാടി പോഷകാഹാരവിതരണം- ന്യൂട്രിമിക്സ് ബില്ലിൽ നിന്നും ജി എസ് ടി – ടി.ഡി.എസ് നടത്തിയില്ല

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണ പ്രൊജക്ടുകൾ പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ ബിൽ തുക അനുവദിച്ചപ്പോൾ നിയമാനുസൃത ജി എസ് ടി – ടി.ഡി.എസ് നടത്തിയിട്ടില്ലെന്ന് കണ്ടെത്തി.

പ്രൊജക്റ്റിന്റെ വിശദാംശം താഴെകൊടുക്കുന്നു

എ)പ്രൊജക്റ്റ് - 40/22-അങ്കണവാടി പോഷകാഹാരം(ജനറൽ)

| | |
|---|---|
| അടങ്കൽ | 3412000<br>1812000(പൊതുവിഭാഗം<br>1500000(കേന്ദ്രാവിഷ്കൃതം)<br>100000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| ചെലവ് | 3139882<br>21812000(പൊതുവിഭാഗം)<br>1227882(കേന്ദ്രാവിഷ്കൃതം)<br>100000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

| സ്ഥാപനത്തിന് തുക നൽകിയ ബിൽ നം/ചെക്ക് നം., തീയതി | തുക |
|---|---|
| 2/8.9.21 | 1000000 |
| 4/25-9-21 | 127923 |
| 2027469/19.11.21 | 270132 |
| 2027470/15.12.21 | 100000 |
| 3878193/24.2.22 | 337314 |
| ആകെ | 1835369 |

ബി)പ്രൊജക്റ്റ് - 75/22-അങ്കണവാടി പോഷകാഹാരം(എസ് സി പി)

| | |
|---|---|
| അടങ്കൽ | 1950323<br>1350323(പൊതുവിഭാഗം)<br>600000(കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 1372302<br>1350323(പൊതുവിഭാഗം)<br>21979(കേന്ദ്രാവിഷ്കൃതം) |

| സ്ഥാപനത്തിന് തുക നൽകിയ ബിൽ നം/ചെക്ക് നം., തീയതി | തുക |
|---|---|
| 1/8.9.21 | 194749 |
| 5/25-9-21 | 45330 |
| 8/26.10.21 | 24524 |
| 17/19.2.22 | 75436 |
| 20/25.3.22 | 45859 |
| ആകെ | 385898 |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ14.9.2018ലെ സർക്കുലർ നം.65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

2021-22 വർഷത്തിൽ ഉദയനന്ദനം ഫുഡ്സ്, പാറക്കുളം, കണ്ണാടി എന്ന സ്ഥാപനത്തിൽ നിന്നുമാണ്

അങ്കണവാടികൾക്കാവശ്യമായ ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സ്ഥാപനം സമർപ്പിച്ച ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. നിയമാനുസൃതമുള്ള ജി.എസ്.ടി കിഴിവ് നടത്താതെ സപ്ലൈയർക്ക് തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/20.2.23) ജി എസ് ടി രജിസ്ട്രേഷൻ എടുക്കാത്തതിനാലാണ് ടി.ഡി.എസ് ചെയ്യാതിരുന്നതെന്നുള്ള മറുപടി ലഭ്യമാക്കി. നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ബിൽ അനുവദിക്കുമ്പോൾ ടി.ഡി.എസ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 തൊഴിലുപ്പ് പദ്ധതിയിൽ കണ്ടെത്തിയ അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ 21-22വർഷത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കേന്ദ്ര ഗ്രാമീണ മന്ത്രാലയത്തിന്റെ 17.07.2017തീയതിയിലെ F.No.J1107/06/2016 നമ്പർ ഉത്തരവ് പ്രകാരം, തയ്യാറാക്കിയ ആനുവൽ മസ്റ്റർ സർക്കുലറിൽ മഹാത്മഗാന്ധി നാഷണൽ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഫയലിൽ സൂക്ഷിക്കേണ്ട പ്രധാന രേഖകളെ കുറിച്ച് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പിന്റെ ഫയലുകളിൽ ചുവടെ കാണുന്ന രേഖകൾ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

എ. സെറ്റ് ഡയറി

ബി.പൂർത്തീകരണ സാക്ഷ്യപത്രം

സി. ആക്ഷൻ പ്ലാൻ കോപ്പി

2. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല
3. ഗ്രാമപഞ്ചായത്തിൽ നിരവധി പൊതുകുളങ്ങൾ ഉണ്ടായിട്ടും, സ്വകാര്യവ്യക്തിയുടെ കുളം നിർമ്മാണത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്: കുളം നിർമ്മാണം വനജ(14/264)

ഭരണ/സങ്കേതിക അനുമതി നൽകിയതിന്റെ വിവരം: 3/6/21-7(1)/25/21—22

എസ്റ്റിമേറ്റ് തുക : ₹300040/-

| പ്രവർത്തി നടന്ന ദിവസങ്ങൾ | ചെലവായ തുക |
|---|---|
| 10.12.21 മുതൽ 24.12.21 വരെ | 60478 |
| 12.1.21മുതൽ 18.01.21 വരെ | 32856 |
| 9.09.21മുതൽ 15.09.21 വരെ | 32178 |
| 16.09.21മുതൽ 30.09.21 വരെ | 71462 |
| 1.10.21മുതൽ 7.10.21വരെ | 32796 |
| ആകെ | 229770 |

മേൽ പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച എൻക്വയറി നം 20/ 20.2.2023 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചുകൊണ്ടുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉത്തരവുകൾ പ്രകാരം നിർദ്ദേശിച്ച രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

2. പദ്ധതികൾ പൂർത്തികരിച്ചതിനാൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ ബിൽ കൊടുക്കാൻ കഴിഞ്ഞില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കേണ്ടത് പദ്ധതി തുടങ്ങുന്നതിനുമുമ്പാണ്. ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. സ്വകാര്യവ്യക്തികളുടെ കുളങ്ങൾ അഞ്ച് വർഷത്തിൽ ഒരു പ്രാവശ്യം മാത്രമേ എടുക്കാൻ കഴിയുകയുള്ളുവെന്നും, സ്വകാര്യ വ്യക്തികൾക്ക് ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ അനുവദനീയമാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ തൊട്ട് മുൻപുള്ള 5 വർഷങ്ങളിൽ ഇതേ ആസ്തിയിൻമേൽ തൊഴിലുറപ്പ് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്തിയിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

### 1-23 പാലിയേറ്റീവ് കെയർ പദ്ധതി - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

07.03.2019 ലെ സർക്കാർ ഉത്തരവ് (സാ. ധാ.)നം 553/2019 ത.സ്വ.ഭ.വ. പ്രകാരം ആണ് പാലിയേറ്റീവ് കെയർ പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടത്.

പാലിയേറ്റീവ് പരിചരണത്തിനും ഹോംകെയറിനുമായി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതി ഉൾപ്പെടെ 2 പ്രൊജക്ടുകളുടെ (/26/22 , 154/22 (SO)) നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ പ്രസ്തുത ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1)ഹോം കെയർ റിപ്പോർട്ട് ബുക്ക്-മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

ഖണ്ഡിക 2.6.3 പ്രകാരം അതാത് ദിവസത്തെ ഗൃഹസന്ദർശന വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ ചേർക്കേണ്ടതും രജിസ്റ്റർ ആഴ്ചയിലൊരിക്കൽ കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിച്ച് നൽകേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്. എന്നാൽ പി എച്ച് സി യിലെ ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ ഇപ്രകാരം ചെയ്തു കാണുന്നില്ല.

2) പി എം സി യോഗം മാർഗ്ഗരേഖാ പ്രകാരമുള്ള ഇടവേളകളിൽ കൂടുന്നില്ല

മേൽ ഉത്തരവിന്റെ ഖണ്ഡിക 2.9.1 പ്രകാരം, പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പരിഹാരനടപടികൾക്കുള്ള തീരുമാനം എടുക്കേണ്ടതുമാണ്. ഓരോ മാസത്തെയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർസെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി.എം.സി ആയത് അംഗീകരിക്കേണ്ടതുമാണ്. എന്നാൽ കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ 2021 - 22 സാമ്പത്തിക വർഷത്തിൽ പി എം സി ഒരു പ്രാവശ്യം ( 22.03.22) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

മേൽ വിഷയത്തിൽ വിശദീകരണം ആ വശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 19 / 17.02.23 ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ യോഗങ്ങൾ കൂടുന്നതിന് ഉണ്ടായിരുന്ന നിയന്ത്രണങ്ങൾ കാരണവും മെഡിക്കൽ ഓഫീസർക്കും അസിസ്റ്റന്റ് സർജനും മാങ്ങോട് കോവിഡ് ഹോസ്പിറ്റലിലും മറ്റു പല സെന്ററുകളിലും ഡ്യൂട്ടി ഉണ്ടായിരുന്നു എന്നതിനാലും പി.എം.സി യോഗം മാർഗ്ഗരേഖാപ്രകാരമുള്ള ഇടവേളകളിൽ കൂടുന്നതിന് സാധ്യമായില്ല എന്നും . മേലിൽ ഹോം കെയർ റിപ്പോർട്ട് ബുക്ക് യഥാവിധി സൂക്ഷിക്കുന്നതാണെന്നും നിർവ്വഹണഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

### 1-24 വാർഡ് തല ആരോഗ്യശുചിത്വപ്രവർത്തനങ്ങൾ - മുഴുവൻ ചെലവുരേഖകളും ഹാജരാക്കിയില്ല

വാർഡ് തല ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾക്കായി, വൗച്ചർ നമ്പർ - 22100454 / 11.03.22 പ്രകാരം 170000 രൂപ ശുചിത്വമിഷൻ ഫണ്ട് സെക്രട്ടറിയിൽ നിന്നും മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കൈപ്പറ്റിയിട്ടുണ്ട്. ശുചീകരണപ്രവർത്തനങ്ങൾക്കായി ഓരോ വാർഡിലും 10000 രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 6, 7, 8, 12 എന്നീ വാർഡുകളിൽ നടത്തിയ

പ്രവർത്തനങ്ങളുടെ ചെലവുരേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 40000/- രൂപ തടസ്സപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 22 / 20.02.23 ) ഓഡിറ്റ് കാലയളവിൽ പ്രസ്തുത വാർഡുകളിലെ പ്രവർത്തനങ്ങൾ നടന്നിരുന്നില്ല എന്നും നടപ്പ സാമ്പത്തികവർഷം മേൽസൂചിപ്പിച്ച വാർഡുകളിൽ വാർഡുതല ആരോഗ്യജാഗ്രതപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട് എന്നും പ്രവർത്തനങ്ങൾ പൂർത്തിയാക്കി ചെലവുരേഖകൾ ഹാജരാക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞാൽ, രേഖകൾ വാർഡുതല ശുചീകരണപ്രവർത്തകർ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർക്ക് കൈമാറേണ്ടതും ശുചീകരണ പ്രവർത്തനങ്ങളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി ആയത് പരിശോധനക്കായി ഹാജരാക്കുവാൻ മെഡിക്കൽ ഓഫീസർ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-25 പാലിയേറ്റീവ് കെയർ പദ്ധതി - മുഴുവൻ മരുന്നുകളും ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 154 , പാലിയേറ്റീവ് കെയർ ( സ്പിൽ ഓവർ ) |
| അടങ്കൽ തുക | 122945 ( വികസനഫണ്ട് – ജനറൽ ) |
| ചെലവ് തുക | 122945 |
| ബിൽ നമ്പർ, തിയതി, തുക | ബിൽ നമ്പർ - 05 / 17.08.21- 81542<br>ബിൽ നമ്പർ - 13 / 18.01.22 - 41403 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി |

മേൽ സൂചിപ്പിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ട് നമ്പർ - 3624001800000019 ലേക്ക് ബിൽ നമ്പർ - 05 / 17.08.21 പ്രകാരം 81542രൂപയും ബിൽ നമ്പർ - 13 / 18.01.22 പ്രകാരം 41403 രൂപയും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 81542രൂപ ട്രാൻസ്ഫർ ചെയ്തതിൽ 72383 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ - 13006 / 15.02.22 പ്രകാരം 17096 + ഇൻവോയ്സ് നമ്പർ 13396 / 18.02.22 പ്രകാരം -6783 + ഇൻവോയ്സ് നമ്പർ 2468 / 18.05.22 പ്രകാരം 48504 ) ബാക്കി 9159 രൂപയുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 18 / 17.02.23 ) നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല എന്നും ടെലഫോൺ മുഖേന കാരുണ്യ ഫാർമസിയെ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ ബിൽ നമ്പർ - 13 / 18.01.22 പ്രകാരമുള്ള 41403 രൂപ ട്രാൻസ്ഫർ ചെയ്തതിൽ 37266 രൂപയുടെ രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ - 11942 / 28.01.22 പ്രകാരം 1559 + ഇൻവോയ്സ് നമ്പർ 12986 / 15.02.22 പ്രകാരം -17096 + ഇൻവോയ്സ് നമ്പർ 13117 / 16.02.22 പ്രകാരം 4451 + ഇൻവോയ്സ് നമ്പർ 12973 / 04.10.22 പ്ര-കാരം 74 + ഇൻവോയ്സ് നമ്പർ 2459 / 18.0522 പ്രകാരം 14086 രൂപ ) ബാക്കി 4137 രൂപയുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. (ഓഡിറ്റ് അന്വേഷണം നം - 18 / 17.02.23 )

ഓഡിറ്റ് നിർദ്ദേശം

മരുന്നുകൾ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടിവിവരം അറിയിക്കേണ്ടതുമാണ്.

## 1-26 കോവിഡ് - 19 പ്രതിരോധപ്രവർത്തനത്തിനാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ

വാങ്ങൽ - സക്ഷൻ അപ്പാരറ്റസ് , മരുന്നുകൾ എന്നിവ ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 176 , കോവിഡ് - 19 പ്രതിരോധപ്രവർത്തനത്തിനാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | 165000 – MG(NR) |
| ചെലവ് തുക | 164960 |
| ബിൽ നമ്പർ, തിയതി, തുക | 7 /28.09.21 – 160073<br>15 /25.02.22 - 4887 |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |

മേൽ സൂചിപ്പിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് ജൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും 144199 രൂപയ്ക്ക് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. കൂടാതെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ട് നമ്പർ - 3624001800000037 ലേക്ക് ബിൽ നമ്പർ 15/25.02.22 പ്രകാരം 4887 രൂപയും സക്ഷൻ അപ്പാരറ്റസ് ലഭ്യമാകുന്നതിനായി ബിൽ നമ്പർ 7/28.09.21 പ്രകാരമുള്ള തുകയിൽ 15874 രൂപയും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മരുന്നുകൾ , സക്ഷൻ അപ്പാരറ്റസ് എന്നിവ ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-17/17.02.23) കാരുണ്യ ഫാർമസിയിൽ നിന്നും ലഭിക്കേണ്ട 4887 രൂപയുടെ മരുന്നുകളും 15874 രൂപയുടെ സക്ഷൻ അപ്പാരറ്റസും ലഭ്യമായിട്ടില്ല എന്നും ആയത് ലഭ്യമാക്കുന്നതിന് കത്ത് അയച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-27 ക്ഷീരകർഷകർക്ക് പാൽ സബ്സിഡി പദ്ധതി - മുഴുവൻ കാലയളവിലും ആനുകൂല്യം അനുവദിച്ചില്ല

പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിനായി 2021-22 വർഷത്തിൽ കാവശ്ശേരി ഗ്രാമപഞ്ചായത്ത് ക്ഷീരകർഷകർക്ക് പാൽ സബ്സിഡി എന്ന പ്രോജക്ട് ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിലുള്ള ഇരട്ടക്കുളം , കഴനി, പാട്ടൂർ, പത്തനാപുരം , ചുണ്ടക്കാട് എന്നീ ക്ഷീരസംഘങ്ങളിൽ 2021 ഏപ്രിൽ മുതൽ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരാമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ക്ഷീരകർഷകർക്ക് പ്രസ്തുത കാലയളവിലെ എല്ലാ മാസങ്ങളിലും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ ക്ഷീര സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം പല മാസങ്ങളിലും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജകുിന്റെ നമ്പരും പേരും | അടങ്കൽ/ ഫണ്ടിനം | ചെലവ് | ബിൽ നമ്പർ | സബ്സിഡി നൽകിയ കാലയളവ് | നിർവ്വഹണ ഉദ്യോഗസ്ഥ |
|---|---|---|---|---|---|
| 18 , ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 450000 ( വികസനഫണ്ട് - ജനറൽ ) | 450000 | 1/12.11.21 – 300000 2/19.11.21 – 150000 | ജൂൺ , ജൂലായ് , ആഗസ്റ്റ് , സെപ്റ്റംബർ, ഒക്ടോബർ എന്നീ മാസങ്ങളിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. | ഡയറിഫാം ഇൻസ്ട്രക്ടർ |

ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം -5 / 15.02.23 ) ഗ്രാമപഞ്ചായത്തിലെ 5 ക്ഷീരസഹകരണസംഘങ്ങളിലൂടെയുള്ള പാലളവിന് ലിറ്ററിന് 3 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനാവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കില്ലാത്തതിനാലാണ് വകയിരുത്തൽ കുറഞ്ഞുപോയത് എന്നും വരും വർഷങ്ങളിൽ പരമാവധി തുക വകയിരുത്താൻ ശ്രമിക്കുന്നതാണെന്നും നിർവ്വഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

ഓഡിറ്റ് നിർദ്ദേശം

ഭാവിയിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് മുഴുവൻ കാലയളവിലും ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 കൃഷി ഓഫീസറുടെ സ്പെഷൽ ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ തുക അവശേഷിച്ചത് തിരിച്ചടവാക്കി.

കൃഷി ഓഫീസറുടെ സ്പെഷൽ ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ ( നം - 714031400000076 ) 02.08. 22 ന് 232432 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി. പ്രസ്തുത തുക മുൻവർഷങ്ങളിലെ പദ്ധതികൾക്കായി ലഭിച്ചതും ചെലവഴിക്കാനാകാതെ അവശേഷിക്കുന്നതുമായ തുകകളും പലിശയും ചേർന്നതാണ് . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനവിനിയോഗം സംബന്ധിച്ച ജി.ഒ.(പി) നം.119/2015/ധന.തീയ്യതി 21.03.2015പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 8.3 ൽ ഓരോ മാസവും വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ് /ഡി.ഡി തുകകൾ ട്രഷറി ചെലാൻ മുഖാന്തിരം തിരിച്ചടയ്ക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 15.02.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ - 6 ലെ നിർദ്ദേശത്തെ തുടർന്ന് പ്രസ്തുത തുക ചലാൻ നമ്പർ - 16137 / 20.02.23 പ്രകാരം സർക്കാരിലേക്ക് തിരിച്ചടവാക്കി.

## 1-29 അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളുടെയും പൂർത്തിയാക്കി ബിൽ തുക നൽകിയതിന്റെയും ചെലവഴിച്ച തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 29 | 51 | 80 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 28 | 19 | 47 |
| പൂർത്തീകരിച്ചതിന്റെ ശതമാനം | 96.55 | 37.25 | 58.75 |

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 1220438 | 1034626 | 84.77 |
| വികസന ഫണ്ട് (എസ്.സി.പി) | 819000 | 769784 | 93.99 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 6107120 | 2095523 | 34.31 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1149240 | 383049 | 33.33 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 700000 | 360108 | 51.44 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 14571692 | 6971708 | 47.84 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3651000 | 1209995 | 33.14 |
| തനത് ഫണ്ട് | 1925519 | 61000 | 3.17 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 650000 | 0 | 0 |
| ആകെ | 30794009 | 12885793 | 41.85 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 58.75% പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 41.85% മാത്രമാണ് ചെലവഴിക്കാനായത്. സ്പിൽ ഓവർ പ്രവൃത്തികളിൽ ഒരെണ്ണം തൻവർഷം പൂർത്തീകരിച്ചിട്ടില്ല. മെയിന്റനൻസ് ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് ഉടർവർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ പൂർണ്ണമായും വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് സമയത്ത് നൽകിയ രണ്ട് ഓഡിറ്റ് അന്വേഷണങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 13.02.2023 മുതൽ 20.02.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1675000 | 33/22: നെൽകൃഷിക്ക് പ്രാംഭച്ചെലവ് | 1675000 | 0 |
| | 2021-22 | 160000 | 15/22: ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടിക ജാതി | 160000 | |
| | 2021-22 | 100000 | 40/22: അങ്കണവാടി പോഷകാഹാരം - ജനറൽ | 100000 | 0 |
| | 2021-22 | 125000 | 77/22: ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ജനറൽ | 125000 | 0 |
| | ആകെ | 2060000 | | 2060000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 2077000 | 33/22: നെൽകൃഷിക്ക് പ്രാംഭച്ചെലവ് | 2077000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 80000 | 37/22: ലൈഫ് മിഷൻ ഭവന പദ്ധതി - ജനറൽ | 80000 | 0 |
| | 2021-22 | 2220097 | 15/22: ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടിക ജാതി | 2220097 | 0 |
| | 2021-22 | 150000 | 18/22: ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 150000 | 0 |
| | ആകെ | 4527097 | | 4527097 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവണ ഏജൻസി | പ്രൊജക്ട് നം. | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ ബി | 86/22 | വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ ലൈൻ വലിക്കലും ലൈൻ എക്സ്റ്റൻഷനും | XVFC/2021 /-P/2/10.3.22( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 3313676/- | - | 3313676/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും അനുവദിച്ചിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിന് വായ്പയിനത്തിൽ 440000 രൂപ വരവുണ്ട്. മുൻ വർഷത്തിലെ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുകയായ 140000 രൂപയുൾപ്പെടെയുള്ള 580000 രൂപയിൽ 480000 രൂപ ചെലവഴിച്ചു. 100000 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഓഡിറ്റ് വർഷം ലഭ്യമായ വായ്പയുടെയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | സ.ഉ. (സാധാ) നം 68/2018 ത.സ്വ.ഭ.വ/18.05.18 | 28953008 28513008 (മുൻ വർഷം ലഭിച്ചത്)+ 440000 (നടപ്പുവർഷം തുക) | 25878185 | 3388000 | - | 22930185 |

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 & 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | സിറ്റിങ് കഴിഞ്ഞിട്ടില്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹98,115,271.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹82,218,424.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹165,000.00 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 125,000.00 | എ മനോജ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 40,000.00 | ഡോ. തമീസ് അഹമ്മദ് വി.എ മെഡിക്കൽ ഓഫീസർ, FHC |
| ആകെ | 165,000.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഒന്നുമില്ല |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ മനോജ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി | മുളങ്കുന്നത്ത്കാവ് ഗ്രാമ പഞ്ചായത്ത് | സൗത്ത് വില്ലേജ്, പെരിങ്ങളം പി.ഒ, ആലത്തൂർ, പാലക്കാട് ജില്ല – 678542 |
| ഡോ തമീസ് അഹമ്മദ് വി.എ മെഡിക്കൽ ഓഫീസർ, FHC | മെഡിക്കൽ ഓഫീസർ, FHC, കാവശേരി | വടക്കേവീട്ടിൽ വീട്, എടവണക്കാട് പി.ഒ. എറണാകുളം ജില്ല, പിൻ കോഡ് - *682502.* |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ | തീർപ്പാക്കാൻ |
|---|---|---|

| റിപ്പോർട്ട് വർഷം | നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ് പി 3/1173 /2007/11.09.2007 | റിപ്പോർട്ട് തീർപ്പാക്കി |
| 1997-98 | എൽ.എഫ്. പി10/ 450/2002 /05.07.2002 | റിപ്പോർട്ട് തീർപ്പാക്കി |
| 1998-99 | എൽ.എഫ്. പി10/509 /2002/05.10.2002 | 2 (ഖണ്ഡിക 35 & 36) |
| 1999-2000 | എൽ എഫ് 8888/സ്പെഷ്യൽ സെൽ/എസ്.സി /2006/ 22.09.2010 | റിപ്പോർട്ട് തീർപ്പാക്കി |
| 2000-01 | എൽ എഫ് പി 10/554 /2004/21.04.2006 രണ്ട് റിപ്പോർട്ടുകൾ (പ്ലാൻ & പ്ലാൻ ഒഴികെ) | 4 |
| 2001-02 | എൽ എഫ്. പി10/ 703/2002 /07.09.2005 | റിപ്പോർട്ട് തീർപ്പാക്കി |
| 2002-03 | എൽ എഫ്. പി 10/ 760/06/16.1.2006 | റിപ്പോർട്ട് തീർപ്പാക്കി |
| 2003-04 | കെ. എസ്.എ പി കെ ഡി 10/677 /16/25.05.2017 | 2 (ഖണ്ഡിക 3-2, ഖണ്ഡിക 3-6) |
| 2004-05 | കെ. എസ്.എ പി കെ ഡി 10/678 /16/26.05.2017 | 1 (ഖണ്ഡിക 3-7) |
| 2005-06 | കെ. എസ്.എ പി കെ ഡി 10/780 /16/26.05.2017 | 1 (ഖണ്ഡിക 3-4) |
| 2006-07 | എൽ എഫ്. പി 10/1170 | 1 (ഖണ്ഡിക 3-2) |

| | | |
|---|---|---|
| | /10/14.07.2011 | |
| 2007-08 | കെ. എസ്.എ പി കെ ഡി 10/779 /16/27.05.2017 | റിപ്പോർട്ട് തീർപ്പാക്കി |
| 2008-09 | എൽ എഫ് പി 10 1172/10/02.08.2011 | 2 (ഖണ്ഡിക3-1, ഖണ്ഡിക3-4) |
| 2009-10,2010-11 | കെ. എസ്.എ പി കെ ഡി 10/963 /16/26.05.17 | 5 ( ഖണ്ഡികകൾ 3-2, 3-5, 3-8, 3-9, 3-10, 3-16) |
| 2011-12 | എൽ എഫ് പി 10/1696 /14/08.02.14 | 1 (ഖണ്ഡിക 3-5) |
| 2012-13 | കെ. എസ്.എ പി കെ ഡി 10/682 /2017/25.05.17 | 6 (ഖണ്ഡികകൾ 3-1, 3-2, 3-3, 3-9, 3-11, 3-12) |
| 2013-14, 2014-15 | കെ. എസ്.എ പി കെ ഡി 10/249 /16/02.03.2016 | 4 (ഖണ്ഡികകൾ: 3-1, 3-2, 3-3, 3-7) |
| 2015-16 | കെ.എസ്. എ/ പികെഡി10/141 /17/25.01.17 | 4 (ഖണ്ഡികകൾ : 3-2, 3-8, 3-9, 3-11) |
| 2016-17 | കെ.എസ്. എ പി.കെ.ഡി 10/1184 /2017/28.07.2017 | 4 (ഖണ്ഡികകൾ : 2-3, 3-1(A), 3-2, 3-16) |
| 2017-18 | കെ.എസ്.എ. പി.കെ.ഡി 10/2448 /2018/12.02.2019 | 2 ( ഖണ്ഡികകൾ : 3-4, 3-11) |
| 2018-19 | കെ.എസ്. എ പി.കെ.ഡി 10/1346 /2019/19.11.2019 | 26 |
| 2019-20 | കെ.എസ്. എ പി.കെ.ഡി 10/579 | മുഴുവൻ ഖണ്ഡികകൾ |

| | | |
|---|---|---|
| | /2021/13.04.21 | തീർപ്പാക്കാൻ അവശേഷിക്കുന്നു |
| 2020-21 | കെ.എസ്.എ.ഡി -പി.കെ.ഡി 10/1147/21/05 /10/2021 | മുഴുവൻ ഖണ്ഡികകളും തീർപ്പാക്കാൻ അവശേഷിക്കുന്നു |

തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങളിൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക കണക്കുകൾ - സംക്ഷിപ്തം

**Kavassery Grama Panchayat**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4122302.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 1691867.00 |
| 150000000 | Sale & Hire Charges | I-5 | 148874.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 184437972.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 47323.00 |
| 180000000 | Other Income | I-9 | 1570.00 |
| 190000000 | Prior Period Income | I-19 | -7032.00 |
| | **Total Income** | | **190449908.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12644775.00 |
| 220000000 | Administrative Expenses | I-11 | 1142136.00 |
| 230000000 | Operations & Maintenance | I-12 | 4121206.00 |
| 240000000 | Interest & Finance Charges | I-13 | 720.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10822463.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 33024765.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7794274.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 182934.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 72437448.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 31127036.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 8536239.00 |
| | **Total Expenditure** | | **181833996.00** |
| | **Gross Surplus / Deficit of income over Expenditure** | | **-8615912.00** |
| | **Gross Surplus / Deficit of income over Expenditure** | | **-7863089.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 759855.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **752823.00** |

**Kavassery Grama Panchayat**
**RECEIPT & PAYMENT STATEMENT**

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 9322197.00 |
| Cash | Cash | RP-40(a) | 93304.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1027990.00 |
| 140000000 | Fees & User Charges | RP-4 | 341521.00 |
| 150000000 | Sale & Hire Charges | RP-5 | 148874.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 63214575.00 |
| 171000000 | Interest Earned | RP-9 | 47323.00 |
| 190000000 | Prior Period Income | RP-11 | 22263.00 |
| 210000000 | Establishment Expenses | RP-12 | 16112.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11707456.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11235592.00 |
| 460000000 | Loans, Advances and Deposits | RP-49 | 182934.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 1570.00 |
| 330000000 | Secured Loans | RP-31 | 440000.00 |
| 340000000 | Deposits Received | RP-33 | 57161.00 |
| 350000000 | Other Liabilities | RP-35 | 256399.00 |
| | **Grand total** | | **98115271.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-12 | 2353066.00 |
| 220000000 | Administrative Expenses | RP-13 | 335723.00 |
| 230000000 | Operations & Maintenance | RP-14 | 2162910.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-16 | 12817325.00 |
| 251000000 | Decentralised Plan Programme-Service Sector | RP-17 | 21100293.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-18 | 7301332.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 460348.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 182934.00 |
| 412000000 | Capital Work In Progress | RP-39 | 3340424.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 1127053.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 472023.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6088957.00 |
| 460000000 | Loans, Advances and Deposits | RP-49 | 760157.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 2650.00 |
| 350000000 | Other Liabilities | RP-35 | 22993398.00 |
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 719831.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 15844245.00 |
| Cash | Cash | RP-40(b) | 52602.00 |
| | **Grand Total** | | **98115271.00** |

| **Kavassery Grama Panchayat BALANCE SHEET** | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 42485806.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 4777.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 61080430.00 |
| | **Total Reserve & Surplus** | | **103571013.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8553025.00 |
| | **Total Grants, Contributions for Specific Purposes** | | **8553025.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 22930185.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **22930185.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1016061.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1471265.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2487326.00** |
| | **TOTAL LIABILITIES** | | **137541549.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 997430.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 5458345.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 25575626.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 86900135.00 |
| 416000000 | Accumulated Depreciation | B-11(a) | -35194492.00 |
| | **Total Fixed Assets** | | **83737044.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9243675.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 22930185.00 |
| 450000000 | Cash and Bank Balance | B-17 | 15896847.00 |
| 460000000 | Loans, Advances and Deposits | B-18 | 5733798.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **53804505.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **137541549.00** |

ഡെപ്യൂട്ടി ഡയറക്ടർ